# കേരള സർവകലാശാല

നം. പി.ആർ.203/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി. പ്രവേശനം, 2017– ട്രയൽ അലോട്ട്മെന്റ്

കേരള സർവകലാകാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ കോളേജുകളിലെയും യു.ഐ.ടി.കളിലേയും 2017–18 അദ്ധ്യയനവർഷത്തെ ബിരുദാനന്തരബിരുദ (പി.ജി.) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പർ, പാസ്വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് വിദ്യാർത്ഥികൾക്ക് അവരുടെ ട്രയൽ അലോട്ട്മെന്റ് (www.admissions.keralauniversity.ac.in) പരിശോധിക്കാവുന്നതാണ്. അപേക്ഷയിൽ എന്തെങ്കിലും തെറ്റുകൾ ഉണ്ടെങ്കിൽ എഡിറ്റ് ഓപ്ഷൻ ഉപയോഗിച്ച് 18.09.2017–നകം തിരുത്തലുകൾ വരുത്തേണ്ടതാണ്. തിരുത്തലുകൾ വരുത്തിയ പുതിയ അപേക്ഷയുടെ പ്രിന്റൗട്ട് പ്രവേശനവുമായി ബന്ധപ്പെട്ട തുടർന്നുള്ള ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

### എം.എ വൈവാ വോസി

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം നടത്തുന്ന എം.എ പൊളിറ്റിക്കൽ സയൻസ് ജൂലൈ/ആഗസ്റ്റ് 2017 രണ്ടാം വർഷ സപ്ലിമെന്ററി പരീക്ഷയുടെ വൈവാ വോസി സെപ്റ്റംബർ 20 രാവിലെ 10 മണി മുതൽ പാളയത്തുള്ള വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം നടത്തുന്ന എം.എ ഹിസ്റ്ററി ജൂലൈ/ആഗസ്റ്റ് 2017 രണ്ടാം വർഷ സപ്ലിമെന്ററി പരീക്ഷയുടെ വൈവാ വോസി സെപ്റ്റംബർ 26 രാവിലെ 10 മണി മുതൽ പാളയത്തുള്ള വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

### എം.കോം വൈവാ വോസി

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം നടത്തുന്ന എം.കോം ജൂലൈ/ആഗസ്റ്റ് 2017 രണ്ടാം വർഷ സപ്ലിമെന്ററി പരീക്ഷയുടെ വൈവ–വോസി സെപ്റ്റംബർ 20 രാവിലെ 10.30–ന് മണി മുതൽ പാളയത്തുള്ള വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടക്കും.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

### സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് റീഡിംഗ് ആന്റ് കോംപിയറിംഗ് കോഴ്സ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് റീഡിംഗ് ആന്റ് കോംപിയറിംഗ് കോഴ്സിന് സെപ്റ്റംബർ 26 വരെ അപേക്ഷിക്കാം. യോഗ്യത പ്ലസ്ടു/ പ്രീഡിഗ്രി ജയം. കോഴ്സ്കാലാവധി മൂന്ന് മാസം. ഫീസ് പതിനായിരം രൂപ. അപേക്ഷാഫീസ്

100 രൂപ. ക്ലാസുകൾ ശനി ഞായർ ദിവസങ്ങളിൽ മാത്രം. വിശദവിവരങ്ങൾക്ക് പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ:0471–2302523.

## പി.ജി ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന് ഒക്ടോബർ പത്ത് വരെ അപേക്ഷിക്കാം. യോഗ്യത കേരള സർവകലാശാല അംഗീകരിച്ച ബിരുദം. ഫീസ് 16500/- രൂപ, അപേക്ഷാഫീസ് 100 രൂപ. കോഴ്സ് കാലാവധി ഒരു വർഷം. പ്രായ പരിധി ഇല്ല. ക്ലാസുകൾ ശനി ഞായർ ദിവസങ്ങളിൽ മാത്രം. വിശദവിവരങ്ങൾക്ക് പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ:0471–2302523.

## എം.ടെക് (ടെക്നോളജി മാനേജ്മെന്റ്) സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാല കാര്യവട്ടം ഫ്യൂച്ചേർസ് സ്റ്റഡീസ് പഠനവകുപ്പിൽ എം.ടെക് (ടെക്നോളജി മാനേജ്മെന്റ്) (2017–18 ബാച്ച്) പ്രവേശനത്തിനായി എസ്.സി/എസ്.ടി വിഭാഗത്തിന് (2 സീറ്റ്) സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ളവർ അപേക്ഷാ ഫോമും (അപേക്ഷാ ഫീസ് – 500 രൂപ) സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകളുമായി സെപ്റ്റംബർ 18–ന് രാവിലെ 10.30–ന് പഠനവകുപ്പിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ([www.keralauniversity.ac.in](http://www.keralauniversity.ac.in)) ലഭിക്കും.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് പരീക്ഷ

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം സംഘടിപ്പിച്ച സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കൊഴ്സിന്റെ പരീക്ഷകൾ ഒക്ടോബർ 23 മുതൽ പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ ഓഫീസിലും, കൊല്ലം ടി.കെ.എം ആർട്ട്സ് ആന്റ് സയൻസ് കോളേജിലുമായി നടക്കും. പരീക്ഷാഫീസ് 1170/- രൂപ. പിഴ കൂടാതെ സെപ്റ്റംബർ 27 (50 രൂപ പിഴയോടെ ഒക്റ്റോബർ അഞ്ച്, 250 രൂപ പിഴയോടെ ഒക്റ്റോബർ 10) വരെ ഫീസടച്ച് അപേക്ഷിക്കാം. പിഴയില്ലാതെ പ്രൊജക്ട് സമർപ്പിക്കേണ്ട അവസാന തീയതി ഒക്റ്റോബർ അഞ്ച്, 100/- രൂപ പിഴയോടുകൂടി ഒക്റ്റോബർ 11. ഫോൺ:0471–2302523.

## പി.ജി ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സ് പരീക്ഷ

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം കൊല്ലം ടി.കെ.എം ആർട്ട്സ് ആന്റ് സയൻസ് കോളേജിൽ സംഘടിപ്പിച്ച പി.ജി ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന്റെ പരീക്ഷകൾ ഒക്റ്റോബർ 24, 26, 28, 31 നവംബർ രണ്ട്, നാല് തീയതികളിലായി ടി.കെ.എം കോളേജിൽവെച്ച് നടക്കും. പരീക്ഷാഫീസ് 1170/- രൂപ. പിഴ കൂടാതെ സെപ്റ്റംബർ 27 (50 രൂപ പിഴയോടെ ഒക്റ്റോബർ അഞ്ച്, 250 രൂപ പിഴയോടെ ഒക്റ്റോബർ 10) വരെ ഫീസടച്ച് അപേക്ഷിക്കാം. പിഴയില്ലാതെ പ്രൊജക്ട് സമർപ്പിക്കേണ്ട അവസാന തീയതി ഒക്റ്റോബർ അഞ്ച്, 100/- രൂപ പിഴയോടുകൂടി ഒക്റ്റോബർ 11. ഫോൺ:0471–2302523.

## സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് കോഴ്സ് പരീക്ഷ

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ആറ്റിങ്ങൽ ഗവ. കോളേജിൽ സംഘടിപ്പിച്ച സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ്

കോഴ്സിന്റെ പരീക്ഷകൾ ഒക്ടോബർ 12, 13 തീയതികളിലായി നടക്കുന്നതാണ്. പരീക്ഷാഫീസ് 570/- രൂപ. പിഴ കൂടാതെ സെപ്റ്റംബർ 20 (50 രൂപ പിഴയോടെ സെപ്റ്റംബർ 25, 250 രൂപ പിഴയോടെ സെപ്റ്റംബർ 28) വരെ ഫീസടച്ച് അപേക്ഷിക്കാം.

## ബി.എ ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് & കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (2013 & 2014 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദമായ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം സപ്ലമെന്ററി ഫലം

കേരള സർവകലാശാല മെയ്യിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ് ബി.കോം ഡിഗ്രി സപ്ലമെന്ററി പരീക്ഷാഫലം (2010 അഡ്മിഷൻ മേഴ്സി ചാൻസ്, 2011 & 2012 അഡ്മിഷൻ) വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ ഏഴ്. ഇതിനായി വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്ന കരട്മാർക്ക്ലിസ്റ്റ് ഉപയോഗിക്കാവുന്നതാണ്.

## ബി.എ/ബി.കോം/ബി.ബി.എ എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല ഒക്ടോബർ 16-ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.എ/ബി.കോം/ബി.ബി.എ എൽ.എൽ.ബി ഇന്റഗ്രേറ്റഡ് (പഞ്ചവത്സര) ഡിഗ്രി പരീക്ഷകളിലേക്ക് പിഴ കൂടാതെ സെപ്റ്റംബർ 25 (50 രൂപ പിഴയോടെ സെപ്റ്റംബർ 27, 125 രൂപ പിഴയോടെ സെപ്റ്റംബർ 28) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സപ്ലിമെന്ററി ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (2013, 2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ. ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എം.ബി.എ.(ജനറൽ) 2015-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ടിറ്റു സണ്ണി (MGT 1505036/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## എം.ബി.എ. ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എം.ബി.എ.(ടൂറിസം) 2015-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഷഹാന ഷാനവാസ് (MTM 1505031/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## ബി.എ/ബി.എസ്‌സി/ബി.കോം/ബി.ബി.എ/ബി.സി.എ സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ/ബി.എസ്‌സി/ബി.കോം/ബി.ബി.എ/ബി.സി.എ - സി.ബി.സി.എസ്.എസ് കരിയർ റിലേറ്റഡ് പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ സെപ്റ്റംബർ 18 മുതൽ 26 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാൾടിക്കറ്റുമായി പുനർമൂല്യനിർണയ വിഭാഗമായ EJ-III-ൽ എത്തിച്ചേരേണ്ടതാണ്.

## ബി.എസ്‌സി നഴ്സിംഗ് (സപ്ലിമെന്ററി) ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ നാലാം വർഷ ബി.എസ്‌സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 28.

## ബി.എ മ്യൂസിക് പ്രാക്ടിക്കൽ

കേരള സർവകലാശാല നടത്തുന്ന രണ്ടാം സെമസ്റ്റർ ബി.എ മ്യൂസിക് കോംപ്ലിമെന്ററി കോഴ്സ് വീണ (MU 1231) പ്രാക്ടിക്കൽ പരീക്ഷകൾ 20-ാം തീയതി രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എച്ച്.എം ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) (2011, 2014 & 2006 സ്കീം ) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിന് അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ 20.

## ബി.എസ്‌സി ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് ബി.എസ്‌സി ബോട്ടണി & ബയോടെക്നോളജി, ബി.എസ്‌സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി, ബി.എസ്‌സി ബയോടെക്നോളജി (മൾട്ടിമേജർ), ബി.കോം ടാക്സ് പ്രൊസീജ്യർ ആന്റ് പ്രാക്ടീസ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ 17.

## എം.ബി.എ ടൈംടേബിൾ

കേരള സർവകലാശാല രണ്ടാം സെമസ്റ്റർ (റഗുലർ, സപ്ലിമെന്ററി) നാലാം സെമസ്റ്റർ (റഗുലർ) ഇന്റഗ്രേറ്റഡ് എം.ബി.എ (പഞ്ചവത്സര) ഡിഗ്രി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്‌സി ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്‌സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ(2014 & 2013 സ്കീം സപ്ലിമെന്ററി), ബി.എസ്‌സി കെമിസ്ട്രി

ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (2013 സ്കീം സപ്ലിമെന്ററി) ബി.എസ്‌സി എൻവയോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് (2015 സ്കീം റഗുലർ, 2013 സ്കീം സപ്ലിമെന്ററി) ബി.എസ്‌സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസ് കോഴ്സുകളുടെ (2014 & 2013 സ്കീം സപ്ലിമെന്ററി) ഫലം വെബ്സൈറ്റിൽ (**www.keralauniversity.ac.in**) ലഭിക്കും.

തിരുവനന്തപുരം.
16 .09.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**